# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:976 — 30.01.2019-ലെ മറുപടി

### അരുവിക്കര കുപ്പി വെള്ള പ്ലാന്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അരുവിക്കര പഞ്ചായത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; ഈ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | അരുവിക്കര പഞ്ചായത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫെബ്രുവരി മാസം ഫാക്ടറിയിൽ പരീക്ഷണ ഓട്ടം നടത്തുന്നതിനും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ) എന്നിവയിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിച്ച് കുപ്പിവെള്ളം ജനങ്ങൾക്ക് ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. |
| (ബി) | പുതുതായി ആരംഭിക്കുന്ന കുപ്പി വെള്ള പ്ലാന്റിൽ പ്രവർത്തനം നടത്തുന്നതിനാവശ്യമായ തൊഴിലാളികളെ നിയമിക്കുന്നുണ്ടോ; | (ബി) | ഈ പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് കരാറുകാരൻ തന്നെ പദ്ധതി പൂർത്തികരിച്ച് 3 മാസം പ്ലാന്റിന്റെ നടത്തിപ്പും പരിപാലനവും നിർവ്വഹിക്കേണ്ടതാണ്. തുടർന്ന് ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ സബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | എങ്കിൽ ഇവിടെ എത്രത്തോളം തൊഴിൽ അവസരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പറയാമോ; | (സി) & (ഡി) | നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ച് മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു. |
| (ഡി) | ഇതിലേയ്ക്കായി പ്രദേശവാസികൾക്ക് മുൻഗണന നൽകുമോയെന്ന് വെളിപ്പെടുത്താമോ? | | |

Suyal

**സെക്ഷൻ ഓഫീസർ**